**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2844** **28-02-2023 - ൽ മറുപടിയ്ക്ക്**

**വന്യജീവി ആക്രമണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. വി. ആർ. സുനിൽകുമാർ** | | **ശ്രീ . എ . കെ . ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വന്യജീവി ആക്രമണം തടയുന്നതിന് വനമേഖലയും കാർഷിക മേഖലയും വേർതിരിച്ച് മുൻകരുതൽ നടപടികൾ സ്വീകരിക്കുന്നതിന് ഏതൊക്കെ പദ്ധതികളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ; | (എ) | വനമേഖലയോട് ചേർന്നുകിടക്കുന്ന കൃഷിസ്ഥലങ്ങളിൽ വന്യജീവി ആക്രമണം തടയുന്നതിനായി അതാത് സ്ഥലങ്ങളിലെ സാഹചര്യങ്ങൾക്ക് അനുസൃതമായി സൗരോർജ്ജവേലി, സൗരോർജ്ജ തൂക്കുവേലി, ആന പ്രതിരോധ മതിൽ, ആന പ്രതിരോധ കിടങ്ങ്, ക്രാഷ്ഗാർഡ് റോപ് ഫെൻസിംഗ്, റെയിൽ ഫെൻസിംഗ്, ബയോ ഫെൻസിംഗ്, കയ്യാല എന്നിവ നിർമ്മിക്കുകയും യഥാസമയം അറ്റകുറ്റപ്പണി നടത്തിവരികയും ചെയ്യുന്നു. 2023 ജനുവരി വരെ വനംവകുപ്പ് നടത്തിയിട്ടുള്ള പ്രതിരോധ പ്രവൃത്തികളുടെ വിവരം അനുബന്ധം ആയി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ? | (ബി) | ഹൈറേഞ്ച് സർക്കിൾ, സെൻട്രൽ സർക്കിൾ, ഈസ്റ്റേൺ സർക്കിൾ, നോർത്തേൺ സർക്കിൾ എന്നീ ടെറിട്ടോറിയൽ സർക്കിളുകളിലായി NABARD Tranche XXVIII (202223) പദ്ധതിയിലുൾപ്പെടുത്തി വനാതിർത്തികളിൽ ഭൗതിക പ്രതിരോധ നടപടികൾ സ്വീകരിക്കുന്നതിനായി 4947.80 ലക്ഷം രൂപയുടെ പദ്ധതി അംഗീകാരത്തിനായി സമർപ്പിച്ചതിൽ ഈസ്റ്റേൺ സർക്കിളിലെ പ്രവൃത്തികൾക്ക് 586.11 ലക്ഷം രൂപയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം-1

| ക്രമ നം. | ഇനം | ദൂരം (കി.മീ) |
|---|---|---|
| 1. | സോളാർ ഫെൻസിങ് | 2640.170 |
| 2. | ഹാങ്ങിങ് സോളാർ ഫെൻസ് | 72.500 |
| 3. | എലിഫന്റ് പ്രൂഫ് ട്രഞ്ച് | 516.422 |
| 4. | എലിഫന്റ് പ്രൂഫ് വാൾ | 70.000 |
| 5. | ക്രാഷ്ഗാർഡ് റോപ് ഫെൻസിംഗ് | 44.000 |
| 6. | റെയിൽ ഫെൻസിംഗ് | 10.000 |
| 7. | ബയോ ഫെൻസിംഗ് | 5.700 |
| 8. | കയ്യാല | 15.120 |